# കേരള കാർഷിക സർവ്വകലാശാല

കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗം,
ഹോർട്ടികൾച്ചർ കോളേജ്, വെള്ളാനിക്കര
Email: cohagmet@kau.in&kauagmet@yahoo.co.in

## കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ

## തൃശ്ശൂർജില്ല

**കേരള കാർഷിക സർവ്വകലാശാല കാർഷിക കാലാവസ്ഥാ ശാസ്ത്ര പഠന വിഭാഗത്തിന്റെയും, ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെയും, കേരള കൃഷി വകുപ്പിന്റെയും സഹകരണത്തോടെ തയ്യാറാക്കുന്നത്.**

**എ.എ.എസ് 09/2020(18),വെള്ളിയാഴ്ച** **തീയ്യതി 28.02.2020**

**കഴിഞ്ഞ ആഴ്ചയിലെ അന്തരീക്ഷസ്ഥിതി:**കഴിഞ്ഞ ആഴ്ച്ച വെള്ളാനിക്കരയിൽമഴ ലഭിച്ചില്ല. ഏറ്റവും ഉയർന്നതാപനില 34.3 മുതൽ 36.9 ഡിഗ്രി സെൽഷ്യസും ഏറ്റവും കുറഞ്ഞതാപനില 21.9 മുതൽ 26.0 ഡിഗ്രിസെൽഷ്യസും, രാവിലത്തെ അന്തരീക്ഷ ആർദ്രത 65 മുതൽ 78 ശതമാനം വരെയും, ഉച്ചത്തെ അന്തരീക്ഷ ആർദ്രത 32 മുതൽ 37 ശതമാനം വരെയും ആയിരുന്നു. കാറ്റിന്റെ വേഗത മണിക്കൂറിൽ 3.3 മുതൽ 10.9 കിലോമീറ്ററും, സൂര്യ പ്രകാശത്തിന്റെ അളവ് ദിനം പ്രതി 7.4 മുതൽ 10.7 മണിക്കൂറും, ബാഷ്പീകരണം ദിനം പ്രതി 5.4 മുതൽ 7.9 മില്ലി.മീറ്റർ വരെയും ആയിരുന്നു.

**അടുത്ത 5 ദിവസത്തേക്കുള്ള കാലാവസ്ഥാ പ്രവചനം:**

| കാലാവസ്ഥാ ഘടകങ്ങൾ | 29.02.2020 | 01.03.2020 | 02.03.2020 | 03.03.2020 | 04.03.2020 |
|---|---|---|---|---|---|
| മഴ (മില്ലി.മീറ്റർ) | 4 | 1 | 0 | 0 | 0 |
| ഉയർന്ന താപനില (°C) | 37 | 37 | 37 | 37 | 37 |
| കുറഞ്ഞ താപനില (°C) | 24 | 24 | 24 | 24 | 24 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 60 | 60 | 60 | 60 | 60 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 50 | 50 | 50 | 50 | 50 |
| കാറ്റിന്റെവേഗത (കിലോമീറ്റർ/മണിക്കൂർ) | 4 | 4 | 3 | 3 | 2 |
| കാറ്റിന്റെ ദിശ (ഡിഗ്രി) | 90 | 90 | 90 | 90 | 100 |
| മേഘവ്യാപ്തി (ഒക്ട) | 6 | 3 | 2 | 2 | 2 |
| ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെയും കെ.എ.യുവിന്റെയും പ്രവചനമനുസരിച്ച് ജില്ലയിൽ ഒറ്റപ്പെട്ട സ്ഥലങ്ങളിൽ നേരിയ തോതിൽ മഴയ്ക്ക് സാധ്യത. | | | | | |

## കാർഷിക നിർദ്ദേശങ്ങൾ:

| വിളകൾ | രോഗ കീടങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|
| **പൊതുനിർദ്ദേശങ്ങൾ:**വിളകളെ രോഗകീടങ്ങളിൽ നിന്നും സംരക്ഷിക്കുന്നതിന്, മുൻകരുതലായി ജൈവകീടരോഗ നിയന്ത്രണ മാർഗ്ഗങ്ങൾ സ്വീകരിക്കുക. | | |
| നെല്ല് (കൊയ്ത്തു പരുവം) | . | നെല്ല് കൊയ്ത്തുപരുവത്തിലാണ്. |
| വാഴ | പനാമ വാട്ടം | പൂവൻ, കദളി എന്നീ വാഴ ഇനങ്ങളിൽ പനാമ വാട്ടം എന്ന രോഗം രൂക്ഷമായി കാണാൻ സാധ്യതയുണ്ട്. ഇതിനു പ്രതിവിധിയായി രോഗം ബാധിച്ച വാഴകളിൽ ഒരു ഗ്രാം കാർബന്റാസിം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി ഓരോ വാഴക്കു ചുവട്ടിലും ഒഴിച്ചു കൊടുക്കുക. |
| തെങ്ങ് | വെള്ളീച്ച | തെങ്ങിലെ വെള്ളീച്ചയെ നിയന്ത്രിക്കാനായി 2% വീര്യമുള്ള വേപ്പെണ്ണ എമൾഷൻ തയ്യാറാക്കിയതിലേക്ക് 20 ഗ്രാം ലെക്കാനിസീലിയം എന്ന മിത്രകുമിൾ ചേർത്ത് നന്നായി കലക്കി ഇലകളുടെ അടിവശത്ത് പതിയത്തക്കവിധം തളിച്ച് കൊടുക്കുക.. |
| മുളക് | മണ്ഡരി | മുളകിൽ മണ്ഡരിയുടെ ആക്രമണം കാണാൻ സാധ്യതയുണ്ട്. ഇത് നിയന്ത്രിക്കാനായി സ്പൈറോമെസിഫെൻ 8 മില്ലി 10 ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക. |
| മൃഗസംരക്ഷണം | കന്നുകാലികൾക്ക് ചാണക പരിശോധന നടത്തി വിരയുണ്ടോയെന്ന് ഉറപ്പാക്കിയതിനു ശേഷം വിരമരുന്നുകൾ നൽകുക. കന്നുകുട്ടികൾക്ക് ആദ്യഡോസ് പ്രസവിച്ച് രണ്ടാഴ്ച്ചക്കുള്ളിൽ നൽകണം. (CAADECCS, KVASU, മണ്ണുത്തി) | |